(ബി) പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കുവാൻ പ്രസ്തുത ഡിപ്പോയിൽ ഒരു ജനറേറ്റർ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജനറേറ്റർ സ്ഥാപിക്കുന്നതിന്റെ ആവശ്യകത ഇതുവരെ അനുഭവപ്പെട്ടിട്ടില്ല.

വേണാട് ലിമിറ്റഡ് സ്റ്റോപ്പ് ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി

171 (5391) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും മാത-കോക്കാട്-തടിക്കാട്-ആയൂർ-മെഡിക്കൽ കോളേജ് വഴി തമ്പാനൂർക്ക് കെ.എസ്.ആർ.ടി.സി. വേണാട് ലിമിറ്റഡ് സ്റ്റോപ്പ് ബസ് സർവ്വീസ് ആരംഭിക്കുവാൻ വേണ്ടിയുള്ള നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ബസ് സർവ്വീസ് എന്ന് മുതൽ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി & സി) നിവേദനത്തിന്മേൽ സാദ്ധ്യതാപഠനം നടത്തുകയും കോർപ്പറേഷന് ലാഭകരമായി സർവ്വീസ് നടത്താമെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ സർവ്വീസ് തുടങ്ങുന്നതിന് സാധിച്ചിട്ടില്ല. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് സർവ്വീസ് തുടങ്ങുന്നകാര്യം പരിശോധിക്കുന്നതാണ്.

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി

172 (5392) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും പുതുതായി കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കണമെന്ന് കാണിച്ച് എത്ര അപേക്ഷകൾ നൽകിയിട്ടുണ്ട് ; അതിൽ എത്ര സർവ്വീസുകൾ ആരംഭിച്ചു ; ഇനി എത്ര അപേക്ഷകളിന്മേൽ തീരുമാനം എടുക്കാനുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ ബസ് സർവ്വീസ് ആരംഭിക്കുന്നതിലേക്ക് നൽകുന്ന അപേക്ഷകൾ യഥാസമയം പരിഗണിച്ച് തീരുമാനമെടുക്കുന്നില്ലെന്ന് കാണിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പരാതികളിന്മേൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 17 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൻ പ്രകാരം 11 പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. 3 അപേക്ഷകളിന്മേൽ സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ട്. 3 അപേക്ഷകളിന്മേൽ സാദ്ധ്യതാപഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) പുതിയ ബസ് സർവ്വീസ് സംബന്ധമായി പരാതി ലഭിച്ചിട്ടില്ല. എന്നാൽ വർക്കല- പനയറ-ആറ്റിങ്ങൽ സർവ്വീസ് മുടങ്ങുന്നുവെന്ന പരാതി ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൃത്യമായി ടി സർവ്വീസ് ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം-പാലക്കാട് റൂട്ടിൽ രാത്രിയിൽ കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസുകൾ

173 (5393) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-പാലക്കാട് റൂട്ടിൽ രാത്രിയിൽ കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസുകൾ വളരെ കുറവാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റൂട്ടിൽ വൈകുന്നേരം 8 മണിക്കുശേഷം ഡീലക്സ് സെമി ഡീലക്സ് ബസുകൾ കൂടുതൽ സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത റൂട്ടിൽ നിലവിൽ വിവിധ സർവ്വീസുകളുടെ റണ്ണിംഗ് ടൈം എത്രയാണ് ; റണ്ണിംഗ്ടൈം കുറച്ച് നോൺ സ്റ്റോപ്പ് സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി റൂട്ടിൽ അങ്ങോട്ടും ഇങ്ങോട്ടുമായി എം.സി. റോഡിലൂടെയും എൻ.എച്ച് റോഡിലൂടെയും രാത്രി ഏഴു മണി മുതൽ രാവിലെ അഞ്ചുമണിവരെ ഒരു വോൾവോ ബസ്സും പത്തൊൻപത് സൂപ്പർ ഫാസ്റ്റ് ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്. സർവ്വീസുകളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഡീലക്സ് സെമി ഡീലക്സ് ബസ്സുകൾ നിലവിൽ ലഭ്യമല്ലാത്തതിനാൽ ഇപ്പോൾ പരിഗണിക്കാൻ കഴിയുകയില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly